പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 994 20.03.2013 -ൽ മറുപടിയ്ക്ക്

**പാലക്കാട് മെഡിക്കൽ കോളേജ് തുടങ്ങുന്നതിനായി സ്വീകരിച്ച നടപടികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ചെന്താമരാക്ഷൻ | ശ്രീ. എ. പി.അനിൽകുമാർ<br>(ബഹു: പട്ടികജാതി -പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) പാലക്കാട് മെഡിക്കൽ കോളേജ് തുടങ്ങുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത്; | (എ) പട്ടികജാതി വികസന വകുപ്പിൽ നിന്നും പ്രിൻസിപ്പൽ സെക്രട്ടറിയായി വിരമിച്ച ശ്രീ.ഡോ.എസ്.സുബ്ബയ്യയെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചു. പാലക്കാട് ഐ.റ്റി.ഐ ലിമിറ്റഡിനുവേണ്ടി പൊന്നും വിലയ്ക്ക് ഏറ്റെടുത്ത് ഉപയോഗശൂന്യമായി കിടക്കുന്ന ഭൂമിയിൽ നിന്ന് 77.8085 ഏക്കർ സ്ഥലം ജില്ലാ കളക്ടർ ഏറ്റെടുക്കുകയുണ്ടായി. മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനായി പ്രസ്തുത 77.8085 ഏക്കർ ഭൂമിയിൽ നിന്ന് 50 ഏക്കർ ഭൂമി പട്ടികജാതി പട്ടികവർഗ വികസന വകുപ്പിന് മുൻകൂർ കൈവശാനുമതി നൽകി 23.2.2013-ലെ സ.ഉ (എം.എസ്) നം.66/13/റവ പ്രകാരം ഉത്തരവായിട്ടുണ്ട്. 6/6/2012-ലെ സ.ഉ (സാധാ) നം 818/12/പജപവവിവ പ്രകാരം മെഡിക്കൽ കോളേജിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപയും 9.1.2013-ലെ സ.ഉ (എം.എസ്) നം.4/13/പജപവവിവ പ്രകാരം കോളേജിൻെറ കെട്ടിട നിർമ്മാണത്തിനായി |

40 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 14.1.2013-ന് മെഡിക്കൽ കോളേജ് കെട്ടിടത്തിന്റെ ശിലാസ്ഥാപനം മുഖ്യമന്ത്രി നിർവ്വഹിച്ചു. കോളേജിന്റെ നടത്തിപ്പിനായി ഒരു സൊസൈറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ബി) | മെഡിക്കൽ കോളേജിന്റെ പ്രവർത്തനം എന്ന് മുതൽ ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ; | (ബി) & (സി) | 2014 - 2015 അക്കാദമിക വർഷം ക്ലാസ് തുടങ്ങാനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. |
| (സി) | ഈ അദ്ധ്യയന വർഷം മുതൽ ക്ലാസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | | |
| (ഡി) | നിലവിൽ എത്ര കുട്ടികൾക്ക് അഡ്മിഷൻ കൊടുക്കാൻ കഴിയുമെന്ന് വിശദമാക്കുമോ? | (ഡി) | 100 വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

Rathul

സെക്ഷൻ ഓഫീസർ.